**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കേരള പ്രദേശ് സ്കൂൾ ടീച്ചേഴ്സ് യൂണിയൻ (KPSTU), ഗവ. സ്കൂൾ ടീച്ചേഴ്സ് യൂണിയൻ (GSTU) എന്നീ സംഘടനകളുടെ ലയനവും ലയനാനന്തര സംഘടനയുടെ KPSTA എന്ന പുനർനാമകരണവും - സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (ആർ.റ്റി) നം.530/2018/പൊ.വി.വ തിരുവനന്തപുരം, തീയതി 02/02/2018**

പരാമർശം:- 1. 10-6-2016-ലെ സർക്കാർ കത്ത് നം. 556498/ജെ3/16/പൊ.വി.വ

2. സ.ഉ (ആർ.റ്റി) 2317/16/പൊ.വി.വ തീയതി 15-7-16.

3. കെ.പി.എസ്.റ്റി.എ യുടെ 1-3-17 – ലെ കത്ത്.

4. OA 2161/2017 കേസിലെ 3-10-17 ലെ കത്ത്

5. OA 2161/2017 ന നല്കിയ റിവ്യൂ ആപ്ളിക്കേഷൻ 19/17 ൽ 31-10-17 ലെ വിധിന്യായം

**ഉത്തരവ്**

കേരള പ്രദേശ് സ്കൂൾ ടീച്ചേഴ്സ് യൂണിയൻ (K P S T U), ഗവ. സ്കൂൾ ടീച്ചേഴ്സ് യൂണിയൻ (GSTU) എന്നീ അദ്ധ്യാപക സംഘടനകൾ കേരളത്തിൽ പ്രവർത്തിച്ചിരുന്നു. 3-3-2016 ൽ കോഴിക്കോട് ചേർന്ന ഇരുവിഭാഗങ്ങളുടെയും സംസ്ഥാന കൗൺസിൽ യോഗത്തിൽ ഇരുസംഘടനകളും ലയിക്കാൻ തീരുമാനമായി. തുടർന്ന് ഭരണഘടനക്ക് ഭേദഗതി വരുത്തിയതിനുള്ള അംഗീകാരം ഒന്നാമതു പരാമർശിച്ച കത്ത് പ്രകാരം നല്കിയിരുന്നു. കൂടാതെ, സംഘടനയുടെ പേര് കേരള പ്രദേശ് ടീച്ചേഴ്സ് അസോസിയേഷൻ (K P S T A) എന്ന് പുനർനാമകരണം ചെയ്തുകൊണ്ട് രണ്ടാമതു പരാമർശിച്ച ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

മേൽ സംഘടകളുടെ സംയോജനഫലമായാണ് K P S T A എന്ന സംഘടന നിലവിൽ വന്നതെന്ന കാര്യം രണ്ടാമതു പരാമർശിച്ച ഉത്തരവിൽ ചേർത്തു നല്കണമെന്ന് മൂന്നാമതു പരാമർശിച്ച കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. സംഘടനകളുടെ ലയനവുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസുകൾ ഫയൽ ചെയ്യപ്പെടുകയും അവയിൽ നാലാമതും അഞ്ചാമതും പരാമർശിച്ച വിധിന്യായങ്ങൾ പ്രകാരം സർക്കാർ ഉചിതമായ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു GSTU, KPSTU എന്നീ സംഘടനകൾ ഉഭയസമ്മതപ്രകാരവും രണ്ടു സംഘടനയിലുമുള്ളവരുടെയും ഭൂരിപക്ഷാഭിപ്രായപ്രകാരവുമാണ് ലയിച്ചതെന്നതിന് ഉപോൽബലകമായ രേഖകൾ 29-6-2017 ന് പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി മുമ്പാകെ ബന്ധപ്പെട്ടവരുടെ ഹിയറിങ്ങ് നടത്തിയവേളയിൽ ഹാജരാക്കപ്പെട്ടിരുന്നു. ഈ രേഖകൾ പ്രസ്തുത ലയനത്തിന്റെ സാധുത തെളിയിക്കുന്നവയായതിനാൽ 3-3-2016-ൽ GSTU, KPSTU എന്നീ സംഘടനകളുടെ ലയനത്തിന് സാധൂകരണം നല്കിക്കൊണ്ടും, മുകളിൽ ഒന്നാമതും രണ്ടാമതും പരാമർശങ്ങളിൽ അംഗീകരിച്ച ഭരണഘടനാഭേദ-

Scanned by CamScanner

ഗതിയും KPSTU സംഘടനയുടെ KPSTA എന്ന പുനർനാമകരണവും പ്രസ്തുത ലയനത്തെത്തുടർന്നുണ്ടായ നടപടിക്രമങ്ങളായിരുന്നു എന്നു വ്യക്തമാക്കിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ. ഗോപാലകൃഷ്ണ ഭട്ട്**
**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും/
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
ശ്രീ. റ്റി. ഹരിഗോവിന്ദൻ, പ്രസിഡന്റ്, കെ.പി.എസ്.റ്റി.എ, തിരുവനന്തപുരം.
വിവരപൊതുജനസമ്പർക്ക വകുപ്പ് (വെബ് ന്യൂ മീഡിയ)/(പ്രസ്സ് റിലീസ്).
ഡയറക്ടർ, ഐ.ടി @ സ്കൂൾ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by CamScanner